ജില്ലാടൂറിസം പ്രമോഷൻ കൗൺസിൽ
രാജ് ഭവന് എതിർവശം, വെള്ളയമ്പലം,
കവടിയാർ പി.ഒ, തിരുവനന്തപുരം – 695003
ഫോൺ: 7594949402 ഇമെയിൽ:info@dtpcthiruvananthapuram.com
വെബ്സൈറ്റ്:www.dtpcthiruvananthapuram.com

നമ്പർ: ഡി.റ്റി.പി.സി/ജി–625/2021 13.04.2021

## ദർഘാസ് പരസ്യം

ശംഖുമുഖത്ത് തിരുവനന്തപുരം ഡി.റ്റി.പി.സി യുടെ 55000 sq.fit വിസ്തീർണ്ണമുള്ള ചാച്ചാനെഹറു ട്രാഫിക്ക് പാർക്കും ഐസ്ക്രീം പാർലറും ഏറ്റെടുത്ത് നടത്തുന്നതിലേക്കായി ദർഘാസുകൾ സ്വീകരിക്കുന്നു.

പൊതു നിബന്ധനകൾ.

1. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ മാത്രമെ ദർഘാസ് സമർപ്പിക്കാൻ പാടുള്ളു. ഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്. ദർഘാസ് ഫാറം വില രൂപ 1000/–(പ്ലസ് 18% ജി.എസ്.ടി) 1180/–(നികുതി ഉൾപ്പെടെ).
2. ദർഘാസ് ഫാറം വിതരണം ചെയ്യുന്ന അവസാന തീയതി **24.04.2021 ഉച്ചയ്ക്ക് 2 മണി വരെ**.
3. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി **26.04.2021 12 മണി വരെ.**
4. ദർഘാസുകൾ തുറക്കുന്ന തീയതി **26.04.2021 വൈകുന്നേരം 3 മണി.**
5. ഏതെങ്കിലും ദേശ സാൽകൃത / അംഗീകൃത ബാങ്കിൽ നിന്നും സെക്രട്ടറി, ഡി.റ്റി.പി.സി, തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 1,00,000/- (ഒരു ലക്ഷം രൂപ) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷം (പരമാവധി 60 ദിവസം) ലഭിച്ച വ്യക്തിയുടേത് ഒഴികെയുള്ളവരുടെ നിരതദ്രവ്യ തുക തിരികെ നൽകുന്നതാണ്. ദർഘാസിൽ നിന്നും പിൻവാങ്ങുന്നവർക്ക് ഇ.എം.ഡി തിരികെ നൽകുന്നതല്ല. നിരതദ്രവ്യത്തിന് പലിശ ഇല്ല.

6. ദർഘാസ് തുറക്കുന്നതിനായി പരസ്യപ്പെടുത്തിയിട്ടുള്ള തീയതി ഏതെങ്കിലും കാരണവശാൽ ഒഴിവു ദിവസമാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം മുൻ നിശ്ചയിച്ച സമയത്ത് യാതൊരു അറിയിപ്പുമില്ലാതെ തന്നെ ദർഘാസ് തുറക്കുന്നതാണ്.

7. കരാർ കാലാവധി കരാർ ഒപ്പിടുന്ന ദിവസം മുതൽ പരമാവധി 3 വർഷ കാലയളവിലേക്കാണ്.

8. ദർഘാസ് സ്വീകരിയ്ക്കപ്പെട്ടാൽ രണ്ടാഴ്ചയ്ക്കുള്ളിൽ ഡി.റ്റി.പി.സി.യുമായി കരാർ ഏർപ്പെടേണ്ടതും കരാർ തീയതി മുതൽ കരാറുകാരൻ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കരാർ റദ്ദു ചെയ്യുന്നതിനും പുനർലേലം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഡി.റ്റി.പി.സി. യ്ക്ക് അധികാരം ഉണ്ടായിരിക്കും. ആയതിനു വേണ്ട ചെലവുകളുടെ തുക കരാറുകാരനിൽ നിന്നും ഈടാക്കുവാൻ ഡി.റ്റി.പി.സി.യ്ക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

9. ദർഘാസ് കൊള്ളുന്നയാൾ (കരാറുകാരൻ) പലിശരഹിത സെക്യൂരിറ്റി ഡെപ്പൊസിറ്റായി, പ്രതിമാസ തുകയുടെ ഒരു വർഷ തുക, 1 വർഷത്തേക്ക് ഡി.ഡി യായി (fund transfer to DTPC SBI Kowdiar A/c. 57047068815, IFSC:SBIN0070020, through electronic method) മുൻകൂറായി നൽകേണ്ടതാണ്. അതിനുശേഷം മാത്രമേ ട്രാഫിക്ക് പാർക്ക് തുറന്ന് പ്രവൃത്തിപ്പിക്കാൻ അനുവദിക്കുകയുള്ളു.

10. ഡി.റ്റി.പി.സി സെക്രട്ടറി അനുവദിക്കുന്ന തീയതി മുതൽ ട്രാഫിക്ക് പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തയ്യാറാകേണ്ടതും 200/- രൂപ മുദ്ര പത്രത്തിൽ നടത്തിപ്പ് സംബന്ധിച്ച കരാർ വയ്ക്കേണ്ടതുമാണ്.

11. പ്രസ്തുത കരാർ ഇരുകൂട്ടർക്കും, പ്രത്യേകം കാരണം കാണിക്കാതെ മൂന്നുമാസത്തെ നോട്ടീസ് നൽകി (മൂന്നുമാസം നോട്ടീസ് പീരിഡ്) റദ്ദാക്കാവുന്നതാണ്.

12. കരാർ റദ്ദാക്കുന്ന പക്ഷം കുടുശികതീർത്ത്, സ്ഥാപനത്തിന് നഷ്ടം ഒന്നും കരാറുകാരൻ നടത്തിയിട്ടില്ല എന്ന് ഉറപ്പാക്കി ബാക്കി സെക്യൂരിറ്റി തുക നൽകാവുന്നതാണ്.

13. കരാർ പ്രകാരമുള്ള പ്രതിമാസ ലൈസൻസ് ഫീ എല്ലാമാസവും 10-ാം തീയതിക്ക് മുൻപ് ഡി.റ്റി.പി.സി ആഫീസിൽ പണമായോ ഡി.റ്റി.പി.സിയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കേണ്ടതാണ്.(through electronic payment method to our A/C.) വീഴ്ച വരുത്തിയാൽ പ്രവൃത്തി ദിനം 100 രൂപ പിഴയോടു കൂടി ടിമാസം 25 -ാം തീയതി വരെ അടയ്ക്കാവുന്നതാണ്. പിഴയോടു കൂടി ടി.മാസം 25-ാം തീയതി ലൈസൻസ് ഫീ ഒടുക്കാത്ത പക്ഷം മുൻകൂർ അറിയിപ്പില്ലാതെ കരാർ റദ്ദാക്കുന്നതിനും പുനർലേലം ചെയ്യുന്നതിനും ഡി.റ്റി.പി.സി.യ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

14. ടെണ്ടർ ഫോറത്തിന്റെ വില അടച്ച രസീതിന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

15. കരാറുകാരൻ സ്വന്തം PAN കാർഡിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് എന്നിവ ടെണ്ടർ ഫോറത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- സൈക്കിൾ പാർക്കിലെ സൈക്കിളുകൾക്ക് അറ്റകുറ്റ പണികൾ ഉണ്ടായാൽ അത് പണിചെയ്ത് കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.
- സൈക്കിളുകൾ എല്ലായ്പ്പോഴും പ്രവർത്തനക്ഷമതയുള്ളതായിരിക്കണം.
- ട്രാഫിക്ക് പാർക്കിലെ സൈക്കിളുകൾക്ക് ഇൻഷ്വറൻസ് നിർബന്ധമായും എടുക്കേണ്ടതാണ്.
- പൂർണ്ണമായും കേടുപാടുകൾ സംഭവിച്ച സൈക്കിളുകൾ മാറ്റി പുതിയ സൈക്കിളുകൾ വാങ്ങി ഉപയോഗിക്കേണ്ടതാണ്.
- സൈക്കിളുകൾ ഒരുകരണവശാലും പാർക്ക് വിട്ട് പുറത്തേക്ക് പോകാൻ പാടുള്ളതല്ല.
- കരറുകാരന് സൈക്കിളുകൾ നിശ്ചിത നിരക്കിൽ (Rate must be reasonable) വാടകയ്ക്ക് നൽകാവുന്നതാണ്.
- പാർക്കിലെ ചെടികൾ നനയ്ക്കുകയും പാർക്ക് വൃത്തിയായി സൂക്ഷിക്കുന്നതും കരാറുകാരന്റെ പരിധിയിൽ വരുന്ന ജോലിയായിരിക്കും.
- പൂർണ്ണമായും ഹരിതചട്ടം പാലിച്ച്കൊണ്ട് മാത്രമേ പാർക്കിൽ പ്രവർത്തനം നടത്താൻ പാടുള്ളു.

ഒപ്പ്
സെക്രട്ടറി
ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ
തിരുവനന്തപുരം.